**അനുബന്ധം - 2**

07-07-2022-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 1(*181)-ന്റെ 'എ' പിരിവിലെ ഉത്തരത്തിന്റെ ബാക്കിഭാഗം.

- നൂതന ഇലക്ട്രോണിക് ഗവേണൻസ് സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു.
- വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ കാര്യക്ഷമതയും മികവും വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായുള്ള പരിശീലന പരിപാടികൾ നടത്തിവരുന്നു.
- പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തന മികവിന് അംഗീകാരം നൽകുന്നതിനും മത്സരാധിഷ്ഠിത ചിന്തയോടെ മാനേജ്മെന്റുകൾ കൂടുതൽ കർമ്മോത്സുകമായി പ്രവർത്തിക്കുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കുന്നതിനും സംസ്ഥാനത്തിന്റെ വ്യാവസായിക വളർച്ചയെക്കുറിച്ചും നേട്ടങ്ങളെക്കുറിച്ചും മാധ്യമങ്ങളിലൂടെയുള്ള റിപ്പോർട്ടിംഗ് വ്യവസായ മേഖലയ്ക്ക് ഉണർവ് നൽകുന്നതാണെന്ന കാര്യവും പരിഗണിച്ചുകൊണ്ട്

വ്യവസായ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളെ ഉത്പാദന ഉത്പാദനേതര വിഭാഗങ്ങളായി തരംതിരിച്ചുകൊണ്ട് ഓരോ വിഭാഗത്തിലും ഏറ്റവും മികച്ച പ്രവർത്തനം കാഴ്ചവയ്ക്കുന്ന പൊതുമേഖലാ സ്ഥാപനം, മികച്ച ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, മികച്ച പൊതുമേഖലാ ജീവനക്കാരൻ എന്നീ മേഖലകളിലും വ്യവസായ മേഖലയെ സംബന്ധിച്ച മികച്ച മാധ്യമ റിപ്പോർട്ടിംഗിനും അവാർഡ് ഏർപ്പെടുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

- പൊതുമേഖലാ സ്ഥാപനങ്ങളിലെ ചെയർമാൻ, മാനേജിംഗ് ഡയറക്ടർ ഉൾപ്പെടെയുള്ള ഡയറക്ടർ ബോർഡ് അംഗങ്ങൾക്കും ആവശ്യമായ പരിശീലനം നടത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.
- കേന്ദ്ര സർക്കാർ സ്വകാര്യവത്കരിക്കുവാൻ തീരുമാനിച്ച ഹിന്ദുസ്ഥാൻ ന്യൂസ്പ്രിന്റ് ലിമിറ്റിഡിനെ സംസ്ഥാന സർക്കാർ ഏറ്റെടുത്ത് കേരള പേപ്പർ പ്രോഡക്ട്സ് ലിമിറ്റഡ് എന്ന പേരിൽ പുതിയ പൊതുമേഖലാ സ്ഥാപനമായി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

കേന്ദ്ര സർക്കാർ സ്വകാര്യവത്കരിക്കുവാൻ തീരുമാനിച്ച കാസർഗോഡ് ജില്ലയിൽ പ്രവർത്തിച്ചിരുന്ന ഭെൽ-ഇ.എം.എൽ. കമ്പനി സംസ്ഥാനം

ഏറ്റെടുക്കുന്നതിന്റെ ഭാഗമായി ബി.എച്ച്.ഇ.എൽ-ന് ഭെൽ-ഇ.എം.എൽ.-ൽ ഉണ്ടായിരുന്ന 51% ഓഹരികളും കേരള സർക്കാർ ഏറ്റെടുത്ത് പ്രസ്തുത സ്ഥാപനത്തെ കെൽ-ഇ.എം.എൽ എന്ന് പുനർനാമകരണംചെയ്ത് പൂർണ്ണമായും സംസ്ഥാന സർക്കാരിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനമാക്കി മാറ്റിയിട്ടുണ്ട്.